മിസ്റ്റർ പി. നാരായണമേനോൻ: Fowlers Process നടത്തുന്നതുകൊണ്ട് ആ മഖം ഡെപ്പോവിൽനിന്നു ഈച്ച മുതലായ ക്ഷുദ്രജന്തുക്കൾ വർദ്ധിച്ച് എന്തെല്ലാംവിധത്തിലുള്ള സുഖക്കേടുകളാണുണ്ടാകാവുന്നത് എന്നുള്ളതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിന്റെ അടുത്തുള്ള ആളുകൾക്ക് ഈ കാരണംകൊണ്ട് സുഖക്കേടുകളുണ്ടെന്നു തോന്നുന്നില്ല. ഈ Fowlers Process നടത്തുന്നസമയത്തിൽ വേലക്കാരുടെ പിശകുകൊണ്ട് ഈച്ചകൾ വർദ്ധിച്ചുവെന്നുവരാം. അതുകൊണ്ട് പബ്ലിക്ഹെൽത്തു ഡയറക്ടരെ ഡിസ്മിസ്സ് ചെയ്യുവാനുള്ള കാരണം കാണുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ആ രോഗങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് എതെല്ലാം വിധത്തിലുള്ള രോഗങ്ങൾ പിടിപെടുന്നുണ്ടെന്നുള്ളതിന്റെ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഗവർമ്മെണ്ട് എടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഈവക കാര്യങ്ങൾക്ക് സ്റ്റാറ്റിസ്റ്റിക്സ് എടുക്കേണ്ടതായ ആവശ്യമില്ല. സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് ഇത്ര പൗണ്ട്സു അരി മതിയെന്നു കണക്കാക്കിട്ടില്ല നമ്മൾ ഓരോരുത്തരും ഇന്നു കഴിക്കുന്നത്. നമുക്കു ആവശ്യമുള്ള ഊണുകഴിക്കുകയാണ് ചെയ്യാറുള്ളത്. അതിനു ഒരു സ്റ്റാറ്റിസ്റ്റിക്സ് ഒന്നും ആവശ്യമില്ലല്ലോ. അതുപോലെ ഇതിനും സ്റ്റാറ്റിസ്റ്റിക്സൊന്നും ആവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സ്റ്റാറ്റിസ്റ്റിക്സ് ഇല്ലെന്നറിയാം. ഇത് ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് പല വിധത്തിലുള്ള ക്ഷുദ്രജന്തുക്കൾ വർദ്ധിക്കുന്നതു കാരണം മനുഷ്യർക്കു പലപ്രകാരത്തിലുള്ള സുഖക്കേടുകൾ പിടിപെടാമെന്നുള്ളതിനെപ്പറ്റി ഗവർമ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഈച്ചകളെ വർദ്ധിപ്പിക്കുന്നതു നല്ലതാണെന്ന് ഗവർമ്മെണ്ട് വിചാരിക്കുന്നില്ല. ഈച്ചകളില്ലെങ്കിൽതന്നെയും അവിടത്തെ ദുർഗ്ഗന്ധം ഇല്ലാതാക്കേണ്ടതാണ്. ഇതിനെല്ലാം വേണ്ടിയാണ് ഒരു കമ്മിറ്റിയെ വെച്ചിട്ടുള്ളത്. ആ കമ്മിറ്റിയിൽ എന്റെ മാന്യസ്നേഹിതനും ഒരു മെമ്പറാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വേഗത്തിൽ സമർപ്പിക്കാൻ വേണ്ടതായ നടപടികളെടുക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കാര്യം.....

Mr. President: Order, order. I called next question.

COST OF BUILDING AND SITE FOR MINISTERS' QUARTERS

102. **Mr. P. Mani** *(Kanayannur):* Will Government be pleased to state.—

(*a*) what was the amount paid for acquiring the building and site for the Ministers' quarters;

(*b*) the total amount spent by Government for improvements, etc., in 1120 and 1121 separately for the above buildings?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) Rs. 58,952—10—0.

(*b*) In 1120, for polishing furniture, Rs. 450. An expenditure of Rs. 14,978—14—0 was incurred in 1121, for improvements.

മിസ്റ്റർ പി. മാണി: ഈ കെട്ടിടത്തിൽ ആദ്യമായിട്ട് മിനിസ്റ്റർ താമസം തുടങ്ങിയത് ഏതു കാലത്താണ്?

റാവുസാഹിബ് കെ. അയ്യപ്പൻ: [illegible] ചിങ്ങം മുതല്.

മിസ്റ്റർ പി. മാണി: അൻപത്തിഎണ്ണായിരത്തിൽ ചിലവാനം ഉദ്ദ്യോഗസ്ഥൻ ചാർജ്ജാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കെ. പോൾ: ഇത് ഒരു കെട്ടിടത്തിനാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇത് 8 പേരുടേയും ക്വാർട്ടേഴ്സിനാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അല്ല മന്ത്രിമാരുടെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിലെ ഉത്തരംകണ്ടപ്പോൾ നാലുമന്ത്രിമാർക്കും കൂടിയുള്ള കപാർട്ടേഴ്സ് ഇതിലടങ്ങുമെന്നു് വിചാരിച്ചു. രാമമന്ദിരത്തിൽ താമസിക്കുന്ന മന്ത്രിമാരൊഴിച്ചു് ബാക്കി മന്ത്രിമാർക്കു് താമസിക്കുവാനുള്ള സ്ഥലം അകപയർ ചെയ്യുന്നതു് ഏതാണെന്നു് അറിഞ്ഞാൽ കൊള്ളാം. Now since you say that it is only one Government quarters to house only one of the Ministers, may I know where the other Ministers are put up?

Mr. President: Order, order. This question relates to the amount spent for improvements to the Ministers' quarters in 1120 and 1121. It does not refer to the present Ministers. I do not think that the supplementary question arises out of this.

മിസ്റ്റർ പി. മാണി: ഈ പതിനയ്യായിരം ഉറുപ്പിക ക ക വ ക-ൽ കൺസ്ട്രക്ഷനു വേണ്ടി ചിലവാക്കിയതാണോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അവിടെ നന്നാക്കുവാനും, അതിനുവേണ്ട സാമാനങ്ങൾ വാങ്ങിക്കുവാനും മറ്റുമായിരിക്കും.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I take it, Sir, that the other Ministers also will necessarily be supplied with the sort of building whose cost is mentioned here, consistently with the dignity of our Minister?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതിപ്പോൾ ആലോചിച്ചിട്ടില്ല.

Mr. P. Govinda Menon (*Minister for Food and Education*): Not necessarily. It may or may not be of equal value.

Mr. P. Kumaran Ezhuthassan (*Vadakkancheri*): All the Ministers may not be of the same capacity, but they being our Ministers can any differential treatment be made....

Mr. Presidnt: Order, order. I suggest that the only way to solve the problem is for the Government to build four houses exactly of the same pattern. It is not a difficult thing.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Yes. It is.

FIELD OFFICERS—APPOINTMENT FROM DEPRESSED CLASSES

103. മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ.—

(എ) ഫുഡ് സപ്ലൈ വകുപ്പിൽ അധഃകൃതരിൽനിന്നു് എത്രപേരെയാണു് ഫീൽഡാപ്പീസ്സർമാരായി നിയമിച്ചിട്ടുള്ളതു്;

(ബി) അവർ ആരെല്ലാമാണു്;

(സി) ഓരോരുത്തരും ഏതെല്ലാം സമുദായങ്ങളിൽ ഉള്ളവരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഒരാൾ.

(ബി) ടി. ടി. സുബ്രഹ്മണ്യൻ.

(സി) പെരുമണ്ണാൻ.

മിസ്റ്റർ കെ. കെ. കണ്ണൻ: പെരുമണ്ണാൻ സമുദായത്തെ അധഃകൃതരുടെ ലിസ്റ്റിൽപെടുത്തീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരുടെ ലിസ്റ്റിൽ പെടുത്തീട്ടുണ്ടെന്നു തീർച്ചയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണെന്നാണു് എന്റെ ധാരണ. അതു തെറ്റാണെന്നുണ്ടെങ്കിൽ സി, ബി ഉത്തരങ്ങൾ മാറേണ്ടിവരുമെന്നേയുള്ളു. പെരുമണ്ണാൻ സമുദായത്തിൽനിന്നു് ഒരാളെ വെച്ചിട്ടുണ്ടു്. അതു് അധഃകൃതരുടെ ലിസ്റ്റിൽപെട്ട ആളാണെന്നു വിചാരിച്ചാണു് മറുപടിയിൽ പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: തെറ്റാണെങ്കിൽ അതു് ഇനിതിരുത്താമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Questions & Answers-ൽ തിരുത്തേണ്ട ആവശ്യമുണ്ടെന്നു ഭാവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly